(ഇ) ഇത്തരം അശാസ്ത്രീയ വശങ്ങൾ ഒഴിവാക്കി തടിലേലം സുഗമമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ: എ. നീലലോഹിതദാസൻ നാടാർ) :

(എ) സർക്കാർ അംഗീകരിച്ച് സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ച ലേല വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഓരോ ഡിപ്പോയിലും തടിയുടെ സ്റ്റോക്ക് അനുസരിച്ച് മാസംതോറും ലേലം നടത്തിവരുന്നുണ്ട്. ലേലപരസ്യം ഗസറ്റിലും പത്രങ്ങളിലും യഥാസമയം പ്രസിദ്ധീകരിക്കുന്നുമുണ്ട്.

(ബി) ചില സർക്കാർ ഡിപ്പോകളിൽ ലക്ഷക്കണക്കിനു രൂപയുടെ തടി സ്റ്റോക്കിലുണ്ട്. നടപടിക്രമങ്ങൾ പാലിച്ച് ലേലം ചെയ്യുന്നതിനും ലേലം ചെയ്തശേഷം തടി നീക്കം ചെയ്യുന്നതിനും ഏതാനും മാസങ്ങൾ വേണ്ടിവരുന്നതുകൊണ്ടാണിങ്ങനെ സംഭവിക്കുന്നത്.

(സി) നടപടി സ്വീകരിച്ചു വരുന്നു.

(ഡി) ഇല്ല.

(ഇ) ലേലവ്യവസ്ഥകളിൽ അശാസ്ത്രീയ വശങ്ങൾ ഉള്ളതായി സർക്കാർ കരുതുന്നില്ല.

25 (*550) നികുതി ഏകീകരണം

ശ്രീമതി ശോഭനാ ജോർജ് :

ശ്രീ. കെ. മുഹമ്മദാലി :

ശ്രീ. പി.ജെ. ജോയി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനങ്ങളിലെ നികുതിസമ്പ്രദായം ഏകീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്രത്തിൽനിന്നും കത്ത് കിട്ടിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച വിശദവിവരം നല്കുമോ;

(സി) നികുതി ഏകീകരണം സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ ഏതു രീതിയിൽ ബാധിക്കുമെന്ന് അറിയിക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഉണ്ട്.

(ബി) 14-9-1998-ൽ ഡൽഹിയിൽ ചേർന്ന മുഖ്യമന്ത്രിമാരുടെയും ധനമന്ത്രിമാരുടെയും യോഗത്തിൽ ഫ്ളോർ റേറ്റ് സമ്പ്രദായത്തെക്കുറിച്ച് വിശദമായി പഠിക്കുന്നതിന് പശ്ചിമ ബംഗാൾ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഒരു സബ് കമ്മിറ്റി രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചശേഷം ധനകാര്യ മന്ത്രിമാരുടെ ഒരു യോഗം വിളിച്ചുകൂട്ടി ടി റിപ്പോർട്ടിൻമേൽ തീരുമാനമെടുക്കാൻ ധാരണയായി.

(സി) റിപ്പോർട്ട് ലഭിച്ച ശേഷമേ ഈ കാര്യം പരിശോധിക്കുവാൻ സാധിക്കുകയുള്ളൂ.

26 (*551) കശുവണ്ടിയുടെ ഉൽപ്പാദനം

ശ്രീ. എം.എ. തോമസ് :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എളമരം കരീം :
ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. പി.ടി. കുഞ്ഞുമുഹമ്മദ് :
ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കശുവണ്ടിയുടെ ഉൽപ്പാദനം വർഷംതോറും കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കശുമാവ് പൂക്കുന്ന അവസരത്തിൽ തന്നെ കായ് ആകാതെ പൂക്കൾ കരിഞ്ഞുപോകുന്ന സംഭവം വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് ഫലപ്രദമായി എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി) ഉണ്ട്. പൂക്കൾ കരിഞ്ഞുപോകുന്നത് തേയിലക്കൊതുകിന്റെയും കുമിളിന്റെയും ആക്രമം കാരണമാണെന്ന് കണ്ടുപിടിച്ചിട്ടുണ്ട്. ഇത് തടയുന്നതിന് കേരള കാർഷിക സർവകലാശാലയുടെ ശുപാർശ പ്രകാരം ഒക്ടോബർ-നവംബർ, ഡിസംബർ-ജനുവരി, ജനുവരി-ഫെബ്രുവരി എന്നീ മാസങ്ങളിൽ നിർദ്ദിഷ്ട കീടനാശിനി തളിക്കേണ്ടതാണ്. ഇതിലേക്ക് ഹെക്ടർ ഒന്നിന് മരുന്നിന്റെ വിലയുടെ 50% എന്ന നിരക്കിൽ പരമാവധി 1225 രൂപ സബ്സിഡിയായി നൽകുന്നതാണ്.

27 (*552) 'വികസന പ്രവർത്തനങ്ങൾക്ക് വനഭൂമി'

ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. എൻ. കണ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികസനപ്രവർത്തനങ്ങൾക്കുവേണ്ടി സംസ്ഥാനത്തെ വനഭൂമി വിട്ടുകൊടുക്കുന്നതിന് സർക്കാർ എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കാര്യത്തിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം എന്തെന്ന് വെളിപ്പെടുത്തുമോ;

(സി) വികസന കാര്യങ്ങൾക്ക് വനഭൂമി വിട്ടുകൊടുക്കുന്ന നടപടി പ്രകാരം ശബരിമല വികസനം, ജലവൈദ്യുതി പദ്ധതികളുടെ വികസനം, റോഡു നിർമ്മാണം എന്നീ ആവശ്യത്തിന് വനഭൂമി വിട്ടുകൊടുത്തിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ഡി) എങ്കിൽ ഇക്കാര്യത്തിന് എത്ര ഏക്കർ വനഭൂമിവീതം വിട്ടുകൊടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly